രക്ഷ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ ചുമതലയാണ്. ആരോഗ്യപരിശോധന, പ്രതിരോധ കുത്തിവയ്പുകൾ, ആരോഗ്യപോഷണ വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളെല്ലാം ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്തമാണ്. ഈ സേവനങ്ങൾ എല്ലാംതന്നെ അംഗൻവാടികളിൽ കൂടി ലഭ്യമാക്കി വരുന്നുണ്ട്.

അംഗൻവാടി ഹെൽപ്പർമാർക്കുള്ള ആനുകൂല്യങ്ങൾ

52(2849)ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ഹെൽപ്പർമാർക്ക് ശമ്പളസ്കെയിൽ നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ; സർവ്വീസ് കൂടുന്നതനുസരിച്ച് അവരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഹൈസ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന യോഗ്യതയുള്ള ഹെൽപ്പർമാർക്ക് വർക്കർമാരായി പ്രൊമോഷൻ നൽകുന്നകാര്യം പരിഗണിക്കുമോ;

(സി) ഹെൽപ്പർമാർ അംഗൻവാടിയിലെ ഭക്ഷണത്തിനുവേണ്ടി ചെലവാക്കുന്ന പണം അവർക്കുതന്നെ കിട്ടുന്നുണ്ടെന്നു ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) പഞ്ചായത്തുകളിൽനിന്നും വിതരണം ചെയ്യുന്ന ഭക്ഷ്യസാധനങ്ങളുടെ (മുട്ട,പാൽ) പാകം ചെയ്യലിലും അംഗൻവാടികളിൽ എത്തിക്കുന്നതിനുമുള്ള ചെലവിനും ആവശ്യമായ പണം ഹെൽപ്പർമാർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗൻവാടി ഹെൽപ്പർമാർക്ക് ശമ്പളസ്കെയിൽ നടപ്പിലാക്കുന്നകാര്യം പരിഗണനയിലില്ല. ഇവരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കേണ്ടത് കേന്ദ്ര സർക്കാരാണ്.

(ബി) ജില്ലാ കളക്ടർ ചെയർമാനായുള്ള സെലക്ഷൻ കമ്മിറ്റിയാണ് അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കുന്നത്. ഹൈസ്കൂൾ വിദ്യാഭ്യാസം അടിസ്ഥാന യോഗ്യതയുള്ള അംഗൻവാടി ഹെൽപ്പർമാർക്ക് വർക്കർമാരായി പ്രൊമോഷൻ നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(സി) അംഗൻവാടിയിലെ ഭക്ഷണ വിതരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം അംഗൻവാടി വർക്കർമാർക്കാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ വർക്കറുടെ അഭാവത്തിൽ ഭക്ഷണ വിതരണം മുടക്കം കൂടാതെ നടത്തുന്നതിന് ഹെൽപ്പർമാർ കൈയ്യിൽനിന്നും പണം ചെലവാക്കേണ്ടി വന്നാൽ ആതുക അവർക്കുതന്നെ കൊടുക്കുന്നതിന് എല്ലാ ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്

(ഡി) 1.4.98 മുതൽ അംഗൻവാടികളിലൂടെയുള്ള ഭക്ഷണവിതരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ആയതു അംഗൻവാടി സെന്ററുകളിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം പഞ്ചായ

LIBRARY ARCHIVES Kerala Legislative Assembly

ത്തുകൾക്കും ബന്ധപ്പെട്ട ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാർക്കുമാണ്. ഭക്ഷണം പാകം ചെയ്ത് അർഹമായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം വർക്കർക്കും വർക്കറുടെ അഭാവത്തിൽ ഹെൽപ്പർക്കുമാണ്. ആയതിനുണ്ടാകുന്ന ചെലവ് വർക്കർ/ഹെൽപ്പർക്ക് ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ വിതരണം ചെയ്യുന്നതാണ്.

തെരുവു കുട്ടികൾക്കായുള്ള പദ്ധതികൾ

53 (2850) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. ജോസ് ബേബി :
പി. എസ് സുപാൽ :
പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ തെരുവു കുട്ടികൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്;

(ബി) ഇതിൽ കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാം;

(സി) ഇത്തരത്തിലുള്ള എത്ര കുട്ടികൾക്ക് ഇപ്പോൾ ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) തെരുവുകുട്ടികൾ ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ നിർവ്വചനത്തിൽപ്പെടുന്നതിനാൽ ഇവർക്കുവേണ്ടി ഒബ്സർവേഷൻ ഹോമുകൾ, ജുവനൈൽ ഹോമുകൾ എന്നിവ സാമൂഹ്യക്ഷേമ വകുപ്പ് നേരിട്ട് നടത്തുന്നു. ഇവിടെ കുട്ടികൾക്ക് തൊഴിൽ, വിദ്യാഭ്യാസം നൽകുകയും പുനരധിവാസത്തിന് തൊഴിലധിഷ്ഠിത പരിശീലന സൗകര്യം ചെയ്തുകൊടുക്കുകയും ചെയ്തുവരുന്നു. കൂടാതെ സന്നദ്ധ സംഘടനകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഇവരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ജുവനൈൽ ജസ്റ്റീസ് ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കുള്ള കെട്ടിടം നിർമ്മിക്കുന്നതിനും സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള 50 ശതമാനം ധനസഹായം കേന്ദ്ര സർക്കാർ നൽകിവരുന്നു. കൂടാതെ തെരുവു കുട്ടികളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റ് നൽകുന്ന ഒരു കേന്ദ്ര പദ്ധതിയും നിലവിലുണ്ട്.

(സി) ഒബ്സർവേഷൻ ഹോമുകളിലും ജുവനൈൽ ഹോമുകളിലുമായി 575 കുട്ടികൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ ഉപദേശക സമിതി

54(2851) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly